(ബി) ഉണ്ടെങ്കിൽ എന്നത്തേക്ക് ഇത് സഭ മുമ്പാകെ വരുമെന്ന് വെളിപ്പെടുത്തുമോ;

(സി) റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ആവശ്യമായ സഹായം നൽകുന്നതിനു വേണ്ടി ഒരു ഫണ്ടിന് രൂപം കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഉണ്ട്.

(ബി) റോഡ് സുരക്ഷാ അതോറിറ്റിയും റോഡ് സുരക്ഷാ ഫണ്ടും രൂപീകരിക്കുന്നതിനുള്ള ബിൽ ഇപ്പോൾ അന്തിമഘട്ടത്തിലാണ്.

(സി) ബില്ലിൽ ഇക്കാര്യവും ഉൾപ്പെടുത്തിയിട്ടുണ്ട്.

രോഗം മൂലമുള്ള തൊഴിൽദായകർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരുടെ പേർ വിവരം നൽകുന്ന സംവിധാനം

*16 [617] ശ്രീ. രാജു എബ്രഹാം:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗം മൂലമുള്ള തൊഴിൽദായകർക്ക് കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരുടെ പേർ വിവരം നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ;

(ബി) എങ്കിൽ പ്രഖ്യാപനത്തെത്തുടർന്ന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(സി) തൊഴിൽ ഇല്ലാത്ത എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) തൊഴിൽദായകരെ കണ്ടെത്തുന്നതിനും പേർ വിവരം അറിയിക്കുന്നതിനും ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തൊക്കെയാണ്;

(ഇ) ആരുടെ നിയന്ത്രണത്തിലാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം നടക്കുന്നത് എന്ന് വ്യക്തമാക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ഉണ്ട്.

(ബി) കേരളത്തിലെ മൂന്ന് പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രൊഫഷണൽ

LIBRARY ARCHIVES Kerala Legislative Assembly

യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ സംബന്ധിച്ച ഒരു വെബ് പോർട്ടൽ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞു. മൂന്ന് പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ആഫീസുകളിലേയും ഡേറ്റാ എൻട്രി ജോലി ചെയ്ത് തീർന്നതിന് ശേഷം മാത്രമേ ഇത് നടത്താൻ സാധിക്കുകയുള്ളൂ. ടി ജോലി ദ്രുതഗതിയിൽ ചെയ്തുകൊണ്ടിരിക്കുകയാണ്.

(സി) വെബ് പോർട്ടൽ തുടങ്ങിയാൽ പ്രയോജനം ലഭിക്കുന്നതാണ്.

(ഡി) വെബ്പോർട്ടൽ-ന്റെ രൂപകൽപ്പന എൻ.ഐ.സി. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(ഇ) എംപ്ലോയ്മെന്റ് ഡയറക്ടറുടെ അധീനതയിലാണ് ഈ സമാപനത്തിന്റെ പ്രവർത്തനം നടക്കുന്നത്.

സ്തംഭനത്തിലായ ടെക്സ്റ്റൈൽ മില്ലുകൾ

*17 [618] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകൾ പൂർണ്ണമായും സ്തംഭനത്തിലായിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടെക്സ്റ്റൈൽ മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും കാർഷിക്ഷത്തിലധികം വരുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനും സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) എൻ. ടി. സി.-യുടേയും സഹകരണ മേഖലയിലേയും സ്വകാര്യമേഖലയിലേയും ഏതെല്ലാം ടെക്സ്റ്റൈൽ മില്ലുകളാണിപ്പോൾ പൂട്ടി ഓഫായിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവ ഓരോന്നും എത്ര മാസങ്ങളിലായി പൂട്ടി ഓഫിലാണ്;

(ഇ) മില്ലുകളുടെ ഉൽപ്പാദനച്ചെലവ് വർദ്ധനയ്ക്കിടയാക്കിയ സർക്കാർ നടപടികൾ പിൻവലിക്കാൻ തയ്യാറാകുമോ;

(എഫ്) മില്ലുകളുടെ ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനും സഹായകരമായ സമീപനം സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ;

(ജി) മില്ലുകൾ നവീകരിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് എന്ത് സഹായമാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ടെക്സ്റ്റൈൽ മില്ലുകൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്പിന്നിംഗ് മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികളെ സംരക്ഷിക്കു

LIBRARY ARCHIVES Kerala Legislative Assembly